ഉത്തരം

(എ) 226 പേർ.

(ബി) ഇത്രയും പേർക്ക് താമസിക്കുവാൻ ആവശ്യമായ ബാരക് സൗകര്യം നിലവിലുണ്ട്.

(സി) റിക്രിയേഷൻ സൗകര്യങ്ങൾ നിലവിലുണ്ട്.

(ഡി) ഇല്ല.

(ഇ) കായിക മത്സരത്തിനും പരിശീലനത്തിനും ആവശ്യമായ സൗകര്യങ്ങൾ നിലവിലുണ്ട്.

60 (2245) പോലീസ് ആസ്ഥാനത്ത് മാർഷൽ എന്ന പുതിയ തസ്തിക

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ആസ്ഥാനത്ത് മാർഷൽ എന്ന പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉദ്യോഗസ്ഥന്റെ ജോലികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ തസ്തികയ്ക്ക് അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരം കിട്ടിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പോലീസ് ആസ്ഥാനത്ത് ഡ്യൂട്ടി ചെയ്തുവരുന്ന പോലീസ് സേനാംഗങ്ങളുടെയും ക്യാമ്പ് ഫോളോവർമാരുടേയും ഡ്യൂട്ടി, അച്ചടക്കം എന്നിവയുടെ മേൽനോട്ടം വഹിക്കുന്നതിന് ഒരു ആംഡ് പോലീസ് ഇൻസ്പെക്ടറെ ലെയ്സൺ ആഫീസർ എന്ന പേരിൽ എസ്.ആർ.എ.എഫിൽ നിന്നും 'വർക്കിംഗ് അറേഞ്ച്മെന്റിൽ' മാറ്റി നിയമിച്ചിട്ടുണ്ട്. പിൽക്കാലത്ത് ലെയ്സൺ ആഫീസർ എന്ന പേര് മാറ്റി എക്സിക്യൂട്ടീവ് ഇൻസ്പെക്ടർ എന്നും അവസാനമായി മാർഷൽ എന്നും പുനർനാമകരണം ചെയ്തിട്ടുണ്ട്.

(ബി) ഈ ഉദ്യോഗസ്ഥന്റെ ജോലികളെ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി)&(ഡി) ഇത് ഭരണപരമായ ക്രമീകരണം മാത്രമായതിനാൽ അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരം ആവശ്യമില്ല.

61 (2246) പോലീസ് വകുപ്പിലെ ഒഴിവുകൾ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം സിറ്റി എ.ആർ. ക്യാമ്പിലെ കമാൻഡന്റ് തസ്തിക ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണോ;

(ബി) എങ്കിൽ എന്നുമുതലാണ് ഈ തസ്തികയിൽ ഒഴിവുണ്ടായതെന്നും ഇതുവരെ പ്രസ്തുത തസ്തികയിൽ നിയമനം നടത്താതിരിക്കാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈ ഒഴിവിൽ എന്നത്തേയ്ക്ക് നിയമനം നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒഴിഞ്ഞു കിടക്കുകയാണ്.

(ബി)&(സി) വിവരം ശേഖരിച്ചുവരുന്നു.

62 (2247) ഹെഡ്കോൺസ്റ്റബിൾമാരുടെ പ്രൊമോഷൻ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ 31.5.1999 -ലെ സി.ഒ.നമ്പർ 508/99 ഉത്തരവ് അനുസരിച്ച് തിരുവനന്തപുരം ജില്ലയിലെ എത്ര പോലീസ് കോൺസ്റ്റബിൾമാരെ ഹെഡ്കോൺസ്റ്റബിളായി പ്രൊമോട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇവർക്ക് പോസ്റ്റിംഗ് നൽകിയിട്ടുണ്ടോ;

(സി) പോസ്റ്റിംഗ് നൽകിയെങ്കിൽ എന്നാണ് പോസ്റ്റിംഗ് കൊടുത്തത് എന്നു പറയാമോ?

ഉത്തരം

(എ) 146 പോലീസ് കോൺസ്റ്റബിൾമാരെ ഹെഡ്കോൺസ്റ്റബിളായി പ്രൊമോട്ട് ചെയ്തിട്ടുണ്ട്.

(ബി)&(സി) പോസ്റ്റിംഗ് നൽകിയിട്ടില്ല. പോസ്റ്റിംഗ് നൽകാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

63 (2248) പോലീസ് വകുപ്പിൽ ക്ലറിക്കൽ തസ്തികയുടെ എണ്ണം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയീൻ കുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിൽ ക്ലറിക്കൽ തസ്തിക എത്രയുണ്ട്;

(ബി) ഈ തസ്തികയിൽ ജോലി ചെയ്യുന്ന പോലീസുകാർക്ക് പുറമേ ക്ലറിക്കൽ തസ്തികയിൽ 31.3.1999 വരെ എത്ര ഒഴിവ് ഉണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly